# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

Volume: 04, Issue: 03

സെപ്റ്റംബർ 8 ഞായറാഴ്ച 2024

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


## ഒമ്പതാമത്തെ സ്വപ്ന സ്വർഗ്ഗം

-മരിയ ജോയ്




*സ്നേഹ വീടിന്റെ താക്കോൽ ജിന്റോയ്ക്കും കുടുംബത്തിനും കണ്ണൂർ യൂണിവേഴ്സിറ്റിയിലെ സ്റ്റുഡൻ സർവീസസ് ആൻഡ് നാഷണൽ സർവീസ് സ്കീം ഡയറക്ടർ ഡോ. നഫീസ ബേബി കൈമാറുന്നു.*

അങ്ങാടിക്കടവ്: ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജിലെ എൻഎസ്എസ് യൂണിറ്റുകളുടെ നേതൃത്വത്തിൽ നിർമിച്ച ഒമ്പതാമത്തെ സ്നേഹവീടും പൂർത്തിയായി. കണ്ണൂർ യൂണിവേഴ്സിറ്റിയിലെ സ്റ്റുഡൻ സർവീസ് ആൻഡ് നാഷണൽ സർവീസസ് സ്കീം ഡയറക്ടർ ഡോ.നഫീസ ബേബി താക്കോൽദാനം നിർവഹിച്ചു. മാടത്തിൽ സ്വദേശിയായ ജിന്റോയ്ക്കും കുടുംബത്തിനു മാണ് സ്നേഹ ഭവനം നിർമിച്ചു നൽകിയത്. മാടത്തിൽ സെന്റ് സെബാസ്റ്റ്യൻ ഇടവകയിലെ വിൻസെന്റ് ഡി പോൾ സംഘടനയുടെ നേതൃത്വത്തിൽ തുടങ്ങിയ വീടിന്റെ നിർമാണം എൻഎസ്എസ് യൂണിറ്റ് ഏറ്റെടുക്കുകയായിരുന്നു. കൂപ്പണുകൾ വിറ്റും സന്മനസ്സുകളുടെ സഹകരണവും വഴിയാണ് സ്നേഹവീടിനുള്ള തുക സമാഹരിച്ചത്.

'വളർന്നുവരുന്ന ഓരോ യുവതലമുറയും സമൂഹത്തിനു മൂല്യമുള്ളവരായി വളരണമെന്ന്' ഡോ.നഫീസ ബേബി കൂട്ടിച്ചേർത്തു.

കോളേജ് പ്രിൻസിപ്പൽ ഫാ.ഡോ.ഫ്രാൻസിസ് കാരക്കാട്ട്, കോളേജ് മാനേജർ ഫാ.ജോയ് ഉള്ളാട്ടിൽ, വൈസ് പ്രിൻസിപ്പൽ ഫാ.സിന്റോ കണ്ണേയ്ൻ, സ്നേഹവീട് പ്രോഗ്രാം കോഡിനേറ്റർ കെ.ജെ.ജോയ്, അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളികുന്നേൽ, എൻഎസ്എസ് പ്രോഗ്രാം ഓഫീസർ ജെയ്നി ജോർജ്, മാടത്തിൽ സെന്റ് സെബാസ്റ്റ്യൻ ഇടവക സൊസൈറ്റി പ്രതിനിധി സജി തോമസ്, കോളേജ് ചെയർമാൻ നെൽവിൻ മാത്യു എന്നിവർ സംസാരിച്ചു. വീടിന്റെ നിർമാണഘട്ടങ്ങൾ കോർത്തിണക്കി, വിദ്യാർത്ഥികൾ നിർമ്മിച്ച ഡോക്യുമെന്ററി 'സ്വപ്ന സ്വർഗ്ഗം' ചടങ്ങിൽ പ്രദർശിപ്പിച്ചു.

## കരാട്ടെ താരമായി രണ്ടാംകടവുകാരൻ

- ഗീതു ബാബു



**അലക്സ് ബിജു**

'കരാട്ടെ പഠിക്കണമെന്ന ആഗ്രഹം മനസ്സിൽ ഇല്ലായിരുന്നു. ഫൈറ്റിംങ് പഠിക്കാനായിരുന്നു കൂടുതൽ ആഗ്രഹം.' ദേശീയതല കരാട്ടെ താരം അലക്സ് ബിജുവിന്റെ വാക്കുകളാണിവ. രണ്ടാംകടവ് സ്വദേശി അലക്സ് ബിജു ഈ വർഷം ഗുജറാത്തിൽ നടന്ന പതിനെട്ടാമത് നാഷണൽ ഇൻഡിപെൻഡൻസ് ഓപ്പൺ കരാട്ടെ ചാമ്പ്യൻഷിപ്പിൽ കേരള ടീമിനെ പ്രധിനിധീകരിച്ച് മത്സരിച്ച് വിജയം കരസ്ഥമാക്കി. ദേശീയതല മത്സരം ഇതാദ്യമാണെങ്കിലും ഒട്ടനവധി സംസ്ഥാന തല മത്സരങ്ങളിലും കരാട്ടെ ചാമ്പ്യൻഷിപ്പുകളിലും അലക്സിന്റെ നേട്ടം പലതവണകളായി കാണാൻ സാധിച്ചിട്ടുണ്ട്. നെടുമുണ്ട സ്വദേശി സെൻസായി ജോബിൻ ജോസഫിന്റെ ശിക്ഷണത്തിലായിരുന്നു അലക്സിന്റെ കരാട്ടെ പരിശീലനത്തിന്റെ തുടക്കം..മൂന്നുവർഷമായി അലക്സ് കരാട്ടെ പരിശീലനം തുടരുന്നു. മണ്ണൂരാൻ പറമ്പിൽ എം. സി ബിജുവിന്റെയും, ലിനി ജോർജ്ജിന്റെയും ഇളയ മകനായ അലക്സ് അങ്ങാടിക്കടവ് ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജിലെ ഒന്നാം വർഷ ബി.ബി.എ.വിദ്യാർത്ഥിയാണ്. കുടുംബത്തിന്റെയും, നാട്ടുകാരുടെയും സ്നേഹവും പിന്തുണയുമാണ് ഈ നേട്ടങ്ങൾക്ക് പിന്നിലെന്ന് അലക്സ് അഭിമാനത്തോടെ പറയുന്നു. ഈ ഡിസംബറിൽ അങ്ങാടിക്കടവിൽ നടക്കുന്ന സംസ്ഥാനതല കരാട്ടെ മത്സരത്തിനുള്ള തയ്യാറെടുപ്പിലാണിപ്പോൾ അലക്സ് ബിജു.

## ആരോഗ്യസേവനങ്ങൾക്ക് പുതിയ തുടക്കം

-ശ്രീക്കുട്ടി ചന്ദ്രൻ



**നീതി മെഡിക്കൽസിന്റെ ഉദ്ഘാടനം കണ്ണൂർ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ: ബിനോയ് കുര്യൻ നിർവഹിക്കുന്നു.**

അങ്ങാടിക്കടവ്: ആനപ്പന്തി സർവീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ പുതുതായി ആരംഭിച്ച നീതി മെഡിക്കൽസിന്റെ പ്രവർത്തനം ആരംഭിച്ചു. മെഡിക്കൽ സ്റ്റോറിന്റെ ഉദ്ഘാടനം കണ്ണൂർ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ:ബിനോയ് കുര്യൻ നിർവഹിച്ചു. ആനപ്പന്തി സർവീസ് സഹകരണ ബാങ്കിന്റെ ആദ്യ മെഡിക്കൽ സംരംഭമാണിത്. ചടങ്ങിൽ ഇരിട്ടി സഹകരണ റൂറൽ ബാങ്ക് പ്രസിഡന്റ് കെ.ശ്രീധരൻ കമ്പ്യൂട്ടർ സ്വിച്ച് ഓൺ ചെയ്തു കൊണ്ട് സ്റ്റോറിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചു. 40% വരെ വിലക്കുറവിൽ നൽകുന്ന മരുന്നുകളുടെ ആദ്യ വില്പന അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളികുന്നേൽ പൊതുജനങ്ങൾക്കു നൽകി.പരിപാടിയിൽ ആനപ്പന്തി സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ഒ.എ.അബ്രാഹം,റവ:ഫാ. ഫ്രാൻസീസ് റാത്തപ്പള്ളി, സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് വി. കെ.ജോസഫ്, ഇരിട്ടി അസിസ്റ്റന്റ് രജിസ്ട്രാർ ജി.രാജേഷ്, ഇരിട്ടി യൂണിറ്റ് ഇൻസ്പെക്ടർ ജയശ്രീ, ജയിൻസ് മാത്യു, വ്യാപാര വ്യവസായി ഏകോപന സമിതി പ്രസിഡന്റ് ജോർജ്ജ് ഒറ്റപ്ലാക്കൽ, ബാബു രാജ് പായം, ബാബു നടയത്ത്, എം.എ.ആന്റണി മാസ്റ്റർ, അനീഷ് കുര്യൻ എന്നിവർ സംസാരിച്ചു.

## ചെസ്സിൽ തിളങ്ങി അജീഷ് ആന്റണി

-സാന്ദ്ര സ്വതന്ത്രരാജ്



**അജീഷ് ആന്റണി**

ചെറുപ്രായത്തിൽ തന്നെ അജീഷിന് ചെസ്സിനോടായിരുന്നു താല്പര്യം. പലരും നിരുത്സാഹപ്പെടുത്തിയെങ്കിലും തോറ്റു കൊടുക്കാൻ തയ്യാറാകാത്ത മനസ്സുമായി അജീഷ് നേടിയത് ദേശീയ അംഗീകാരമാണ്. ഓൾ ഇന്ത്യ ചെസ്സ് അസോസിയേഷൻ സംഘടിപ്പിച്ച ദേശീയതല ചെസ്സ് ചാമ്പ്യൻഷിപ്പ്, ഓപ്പൺ ടൂർണമെൻറ് എന്നിവയിൽ അദ്ദേഹത്തിൻറെ സാന്നിധ്യം പ്രശംസനീയമാണ്. പരിശീലകരില്ലാതെ പഠിച്ചെടുത്ത ചതുരംഗ കളിയിൽ അജീഷിനു കീഴിൽ ഇന്ന് വിദേശികൾ അടക്കം ഒട്ടേറെ ശിഷ്യന്മാരുടെ നീണ്ട നിര തന്നെയുണ്ട്. ചെറുപ്പം മുതലേ ചെസ്സ് കളിയോട് ആകർഷണം തോന്നിയിരുന്നുവെങ്കിലും ഹൈസ്കൂൾ കാലഘട്ടം മുതലാണ് കളിച്ചു തുടങ്ങിയത്. പലതവണ കണ്ണൂർ ജില്ലാ ചെസ്റ്റ് ചാമ്പ്യൻ, സംസ്ഥാന ഓപ്പൺ ചെസ്സ് ടൂർണമെന്റ് ചാമ്പ്യൻ, മുപ്പതിലേറെ ദേശീയ ടൂർണമെന്റുകൾ എന്നിങ്ങനെ അജീഷിന്റെ നേട്ടങ്ങൾ നിരവധിയാണ്. പൊതുവെ നാട്ടിൽപുറങ്ങളിൽ ചെസ്സ് കളി മടിയന്മാരുടെ കളി എന്നു വിശേഷിപ്പിക്കുന്നതിനാൽ വീട്ടുകാർക്ക് അജീഷിന്റെ ചെസ്സ് കളിയോട് താല്പര്യം കുറവായിരുന്നു. അതിൻറെ പേരിൽ കിട്ടിയ തല്ലുകൾ എല്ലാം തനിക്ക് ഈ നേട്ടങ്ങൾ കൈവരിക്കാനുള്ള പ്രചോദനമായിരുന്നു അജീഷ് കൂട്ടിച്ചേർത്തു. നിരവധി ഇന്റർനാഷണൽ ചെസ്സ് ചാമ്പ്യന്മാരെ പരാജയപ്പെടുത്തിയ അജീഷ് ആന്റണി ഇന്ത്യയ്ക്ക് പുറമേ ഇസ്രായേൽ, ജർമ്മനി, യു.കെ തുടങ്ങിയ ലോകത്തിലെ വിവിധ ഭാഗങ്ങളിലുള്ള വിദ്യാർത്ഥികളെയും മുതിർന്നവരെയും വേൾഡ് ചാമ്പ്യൻഷിപ്പ് നാഷണൽ ലെവൽ മത്സരങ്ങളിലും പരിശീലനം നൽകി മത്സരിപ്പിച്ച് വിജയം കരസ്ഥമാക്കാൻ സാധിച്ചിട്ടുണ്ട്. മാതാപിതാക്കളായ അരക്കാപറമ്പിൽ ആന്റണി മേരിക്കുട്ടി സഹോദരങ്ങളായ അനീഷ് ആന്റണി, അനിൽ ആന്റണി, അജിൽ ആന്റണി എന്നിവർക്കൊപ്പം അങ്ങാടിക്കടവിലെ വീട്ടിലാണ് അജീഷ് ആന്റണിയുടെ താമസം.

# എഡിറ്റോറിയൽ

## ദുരന്തമുഖത്തെ അതിജീവനം

കേരളത്തെയൊന്നാകെ കണ്ണീരിലാഴ്ത്തിയ വയനാടിലെ ചൂരൽമല -മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തത്തിന് ഒരു മാസം കഴിഞ്ഞിരിക്കുകയാണ്. ഈ ദുരന്തത്തിന്റെ ആഴം വാക്കുകൾക്കതീതമാണ്. ഉരുൾപൊട്ടി വന്ന കൊടുംദുരന്തത്തിൽ ഇല്ലാതായ ഒട്ടേറെ ജീവനുകൾക്കു മുന്നിൽ, മലവെള്ളത്തിൽ പിഴുതെറിയപ്പെട്ട എത്രയോ കുടുംബങ്ങളുടെ നിസ്സഹായതയ്ക്കു മുന്നിൽ തോരാത്ത കണ്ണിരോടെ നിൽക്കുകയാണ് കേരള ജനത.

ഉരുൾപൊട്ടൽ അത്യുഗ്രമായ ബോംബുസ്ഫോടനത്തിന്റെ സമാനമെന്ന ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ(ജി. എസ്. ഐ) യുടെ വെളിപ്പെടുത്തൽ ദുരന്തത്തിന്റെ ആഘാതം വ്യക്തമാകുന്നു. ഐക്യരാഷ്ട്ര സംഘടനയുടെ ഇന്റർഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച്(ഐപിസിസി)മൂന്നു വർഷം മുൻമ്പ് പ്രസിദ്ധീകരിച്ച പഠന റിപ്പോർട്ട് കേരളത്തിനു ശക്തമായ മുന്നറിയിപ്പാണ്. അടുത്ത 20 വർഷത്തിനുള്ളിൽ കാലാവസ്ഥാവ്യതിയാനം കേരളത്തിൽ വ്യാപക പ്രകൃതിക്ഷോഭങ്ങൾക്കു കാരണമാകാമെന്നും ചുരുങ്ങിയ സമയത്തിനുള്ളിൽ കൂടുതൽ മഴ പെയ്യുന്നത് ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും മിന്നൽപ്രളയങ്ങൾക്കും വഴിയൊരുക്കുമെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്. തുടർച്ചയായ ഉരുൾപൊട്ടലുകൾ മലയോര മേഖലയുടെ ഘടന കൂടുതൽ ദുർബലമാക്കുമെന്നും ഇതു ദുരന്തതീവ്രത വർധിപ്പിക്കുമെന്നും റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

ദുരന്ത ബാധിതരുടെ പുനരധിവാസം ഒരു ദുഷ്കരമായ പ്രവർത്തിയായിരിക്കും. വൈകാരികവും,ഔദ്യോഗികവുമായ നൂലാമാലകളുടെ കെട്ടഴികലും ആവശ്യമായി വരുന്ന പ്രക്രിയയായിരിക്കുമത്. തൽകാലിക പുനരധിവാസ പദ്ധതിയിലൂടെ വാടക വീടുകളിലേക്കും ബന്ധുവീടുകളിലേക്കുമെല്ലാം മാറിയ മുണ്ടക്കൈ-ചൂരൽമല ദുരന്തബാധിതർക്ക് ഉപജീവനമാർഗം ഉറപ്പാക്കുകയെന്നതു സർക്കാരിനു മുന്നിലുള്ള പ്രധാന കടമ്പകളിലൊന്നാണ്. നിലവിൽ 728 കുടുംബങ്ങളിൽ നിന്നായി 2569 പേരെയാണ് താൽക്കാലികമായി പുനരധിവസിപ്പിച്ചിരിക്കുന്നത്. ഒരു കുടുംബത്തിനു പ്രതിമാസം പരമാവധി 18,000 രൂപ സർക്കാർ നൽകുന്നു. വാടക ഇനത്തിൽ 6000 രൂപയും നൽകും. എന്നാൽ, വർധിച്ചുവരുന്ന ജീവിത ച്ചെലവുകളും, കുട്ടികളുടെ വിദ്യാഭ്യാസവും, കുടുംബാംഗങ്ങളുടെ ചികിത്സയും കണക്കിലെടുക്കുമ്പോൾ സർക്കാർ സഹായത്തിന്റെ പരിധി ഉയർത്തുകയും കുടുംബാംഗങ്ങൾക്ക് ഉപജീവനമാർഗം കണ്ടെത്തിനൽകുകയും വേണമെന്ന ആവശ്യമുയരുന്നുണ്ട്.

അതിജീവനം എന്നത് വയനാടൻ ജനതയ്ക്ക് വെറുമൊരു വാക്കു മാത്രമല്ല. വയനാട് ജനതയുടെ അതിജീവനത്തിന്റെ ഘട്ടങ്ങൾ ആരംഭിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി 24 ദിവസം ദുരിതാശ്വാസ ക്യാമ്പ് പ്രവർത്തിച്ചിരുന്ന മേപ്പാടി ജി. വി. എച്ച്. എസ്. എസ് വീണ്ടും അധ്യാന വർഷം തുടങ്ങി. ഇത് അതിജീവനത്തിന്റെ പുതിയ പാത തുറന്നു. ഹൃദയം പൊട്ടി വിലപിക്കുന്ന മുണ്ടക്കൈ, ചൂരൽമല മേഖലയെ നമുക്ക് ചേർത്ത് പിടിക്കാം. കഴിഞ്ഞ പ്രളയ കാലങ്ങളിലും കോവിഡ് കാലഘട്ടത്തിലും ചെയ്തതുപോലെ നാടിനൊപ്പം നിലയുറപ്പിക്കാം. വയനാടിന്റെ നല്ലൊരു നാളേക്കായി എല്ലാവർക്കും ഒന്നിച്ചു പ്രവർത്തിക്കാം.

**- എഡിറ്റർ**

## അധ്യാപകനാണ് ; ഒപ്പം ലെഫ്റ്റണന്റ് പദവിയും

-അപർണ രമേശ്

ഡോൺ ബോസ്കോയുടെ ആദ്യത്തെ ലെഫ്റ്റണന്റ് പദവി ലഭിച്ച അധ്യാപകൻ എന്ന പേര് ഇനി ലെഫ്റ്റണന്റ് സഞ്ജു സാറിന് സ്വന്തം. തന്റെ മൂന്നു വർഷത്തെ അധ്യാപനത്തോടൊപ്പം തന്നെ ഇന്ത്യൻ സൈന്യത്തിൽ ലെഫ്റ്റണന്റ് പദവി നേടിയതിന്റെ സന്തോഷത്തിലാണ് അങ്ങാടിക്കടവ് ഡോൺ ബോസ്കോ ആർട്സ് ആന്റ് സയൻസ് കോളേജിലെ മനഃശാസ്ത്ര വിഭാഗം അധ്യാപകനായ ലെഫ്റ്റണന്റ് പി. ജെ. സഞ്ജു. ഏതൊരു പട്ടാളക്കാരനും ലഭിക്കുന്ന എല്ലാ അധികാരവും വിനിയോഗിക്കാൻ ലെഫ്റ്റണന്റ് സഞ്ജു സർ ഇന്ന് യോഗ്യനാണ്. കോഴിക്കോട് വൺ ആർട്ടിലറി യൂണിറ്റിന് കീഴിൽ പ്രവർത്തിക്കുന്ന 160 കേഡറ്റുകൾ ഉൾപ്പെടുന്ന ഡോൺ ബോസ്കോ എൻസിസി യൂണിറ്റിന്റെ പ്രോഗ്രാം



**ലെഫ്. പി. ജെ. സഞ്ജു**

ഓഫീസർ കൂടിയാണ് ലെഫ്റ്റണന്റ് സഞ്ജു. നിലവിൽ അഞ്ച് വർഷം കാലാവധിയുള്ള ലഫ്റ്റണന്റ് പദവി ലഭിച്ച അദ്ദേഹം മൂന്നു മാസത്തെ പ്രത്യേക പരിശീലനത്തിന് പങ്കെടുക്കാൻ ഒരുങ്ങുകയാണ്.

അഞ്ചു വർഷത്തിന് ശേഷവും അധ്യാപകനായി തന്നെ തുടരുകയാണെങ്കിൽ ലെഫ്റ്റണന്റ് പദവി സഞ്ജു സാറിനൊപ്പമുണ്ടാകും. നാഷണൽ കേഡറ്റ് കോർപ്സ് (എൻസിസി)യിൽ അംഗത്വമുള്ള അധ്യാപകർക്കാണ് സൈന്യത്തിലെ ലെഫ്റ്റനന്റ് പദവി നേരിട്ട് ലഭിക്കുവാനുള്ള യോഗ്യത. എൻസിസി യിൽ അംഗത്വമില്ലാത്ത ആളുകൾക്ക് ഈ പദവി ലഭിക്കണമെങ്കിൽ മൂന്നു മാസത്തെ പ്രത്യേക പരിശീലനം വിജയകരമായി പൂർത്തിയാക്കണം. വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ എൻസിസിക്ക് ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞതിൽ സന്തോഷവും ഡോൺ ബോസ്കോയുടെ ഭാഗമാവാൻ കഴിഞ്ഞതിൽ അഭിമാനവുമുണ്ടെന്നും അദ്ദേഹം പറഞ്ഞു. നിർമലഗിരി സ്വദേശിയും മാക്സ് മൈന്റ്സ് മാനസികാരോഗ്യ കേന്ദ്രത്തിലെ മുൻ കൗൺസിലറുമായിരുന്നു ലഫ്റ്റണന്റ് സഞ്ജു സർ.

## അയ്യൻകുന്നിന്റെ വിവിധയിടങ്ങളിൽ ഹൈമാസ്ക് ലൈറ്റുകൾ സ്ഥാപിച്ചു

-അപർണ രമേശ്



**ഹൈമാസ്ക് ലൈറ്റുകളുടെ ഉദ്ഘാടനം അഡ്വ. സണ്ണി ജോസഫ് എം. എൽ. എ നിർവ്വഹിക്കുന്നു.**

അങ്ങാടിക്കടവ് : അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിലെ വിവിധ ഇടങ്ങളിൽ നിർമിച്ച ഹൈമാസ്ക് ലൈറ്റുകളുടെ ഉദ്ഘാടനം നടന്നു. മൂന്നാം കുറ്റി കോളനി, ആനപ്പന്തി, പനക്കര, അങ്ങാടിക്കടവ് എന്നിവിടങ്ങളിലെ ജനങ്ങൾക്കാണ് ഏറെ നാളത്തെ കാത്തിരിപ്പിനൊടുവിൽ ഹൈമാസ്ക് ലൈറ്റുകൾ യാഥാർത്ഥ്യമായത്. കെ സുധാകരൻ എം. പിയുടെ ഫണ്ടുകൊണ്ട് നിർമിച്ച ഹൈമാസ്ക് ലൈറ്റുകളുടെ ഉദ്ഘാടനം അഡ്വ. സണ്ണി ജോസഫ് എം. എൽ. എ നിർവഹിച്ചു. അയ്യൻകുന്ന് പഞ്ചായത്തിൽ ആറു ഹൈമാസ്ക് ലൈറ്റുകൾ കൂടിയാണ് പദ്ധതിയിൽ ബാക്കിയുള്ളത്.

എല്ലാ ദിവസവും വൈകിട്ട് ആറു മണി മുതൽ രാവിലെ ആറു മണി വരെയായിരിക്കും ലൈറ്റ് തെളിയിക്കുക. ഉദ്ഘാടന ചടങ്ങിൽ ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. വേലായുധൻ, അയ്യൻകുന്ന് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളികുന്നേൽ, കരിക്കോട്ടക്കരി മണ്ഡലം പ്രസിഡന്റ് മനോജ് കത്തിൽ, മുൻ പഞ്ചായത്ത് വൈസ് പ്രസിഡന്റ് തോമസ് വലിയ തൊട്ടിയിൽ, വാർഡ് മെമ്പർമാരായ ലിസി തോമസ്, സജി മച്ചിത്താന്നിയിൽ, ഫിലോമിന മാണി, ജോഷി കാഞ്ഞമല, പി. സലാം എന്നിവർ സംസാരിച്ചു.

## ശാപമോക്ഷം കിട്ടാതെ കരിക്കോട്ടക്കരി-വളയംകോട് റോഡ്

-ഡെനിൽ മാത്യൂ ജോൺ



**തകർന്നു കിടക്കുന്ന കരിക്കോട്ടക്കരി വളയംകോട് റോഡ്**

കരിക്കോട്ടക്കരി: ജനങ്ങൾ ഏറെ ആശ്രയിക്കുന്ന കരിക്കോട്ടക്കരി വളയംകോട് റോഡ് ഗതാഗതയോഗ്യമാക്കുന്നില്ലെന്ന പരാതിയുമായി പ്രദേശവാസികൾ. പോലീസ് സ്റ്റേഷനും പ്രാഥമിക ആരോഗ്യ കേന്ദ്രവും സ്ഥിതി ചെയ്യുന്ന ഈ വഴിയിലെ യാത്രാദുരിതം ദിനംപ്രതി രൂക്ഷമാവുകയാണ്. വെമ്പുഴച്ചാൽ പാലം പണി നടക്കുന്നതിനാൽ എടൂർ കീഴ്പ്പള്ളി പ്രദേശങ്ങളെ ബന്ധിപ്പിക്കുന്നതിൽ ഈ റോഡാണ് പ്രധാന ആശ്രയം. 2023ൽ ഭാഗികമായി കുഴിയടച്ചെങ്കിലും മഴക്കാലം എത്തിയതോടെ റോഡ് വീണ്ടും ശോചനീയാവസ്ഥയിലായി. മഴവെള്ളം ഒഴുകി പോകാനായി ശാസ്ത്രീയമായ ഡ്രെയിനേജ് സംവിധാനം ഇവിടെ ഇല്ലാത്തതിനാൽ വെള്ളം റോഡിൽ കെട്ടിക്കിടക്കുന്ന അവസ്ഥയാണ്. ഇതിന് ശാശ്വത പരിഹാരം കാണാതെ റോഡ് നന്നാവില്ലെന്ന് പ്രദേശവാസി വിദ്യാധരൻ പറഞ്ഞു. റോഡിൽ വലിയ കുഴികൾ രൂപപ്പെട്ട സാഹചര്യത്തിൽ ക്വാറിവേസ്റ്റ് ഉപയോഗിച്ച് താൽക്കാലികമായി അവ അടച്ചെങ്കിലും പൂർണമായും പരിഹാരം കാണാനായില്ലെന്ന് പ്രദേശവാസി വിജയനും പറഞ്ഞു. ഗതാഗത പ്രാധാന്യം ഏറെയുള്ള കരിക്കോട്ടക്കരി വളയംകോട് റോഡ് എത്രയും പെട്ടെന്ന് ഗതാഗതയോഗ്യമാക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

| എഡിറ്റോറിയൽ ടീം ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ.ഫ്രാൻസിസ് കാരക്കാട്ട് | സ്റ്റാഫ് എഡിറ്റർ: ഹരീഷ്മ.എസ്.എൽ | എഡിറ്റർ ഇൻ ചാർജ്: ശ്രീക്കുട്ടി ചന്ദ്രൻ | സബ് എഡിറ്റേഴ്സ്: സാന്ദ്ര സ്വതന്ത്രരാജ്, ഗീതു ബാബു,ശ്രീക്കുട്ടി ചന്ദ്രൻ, മരിയ ജോയ്,അപർണ രമേശ്,ഡെനിൽ മാത്യൂ ജോൺ | ഫോട്ടോഗ്രാഫേഴ്സ്: സാന്ദ്ര സ്വതന്ത്രരാജ്, ഗീതു ബാബു, ശ്രീക്കുട്ടി ചന്ദ്രൻ, മരിയ ജോയ്,അപർണ രമേശ്,ഡെനിൽ മാത്യൂ ജോൺ | ഡിസൈൻ : ശ്രീക്കുട്ടി ചന്ദ്രൻ, അപർണ രമേശ്,.